(ഡി) കേസ് കോടതിയിൽ എപ്പോൾ സമർപ്പിക്കുമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) 10-6-2007-ാം തീയതി 17.00 മണിക്കും 11-6-2007-ാം തീയതി കാലത്ത് 8.30 മണിക്കും ഇടയിൽ.

(ബി) 11-6-2007-ൽ കേസ് രജിസ്റ്റർ ചെയ്തു. ചന്തേര പോലീസ് സ്റ്റേഷനിലെ എസ്.ഐ.മാരായ സതീഷ്കുമാർ ആലക്കൽ, എം.പി. വിനോദ്, കാസർഗോഡ് ക്രൈം ബ്രാഞ്ച് ഡിവൈ.എസ്.പി. ആയ കെ. പ്രകാശൻ, കാസർഗോഡ് ക്രൈം ബ്രാഞ്ച് ഡിറ്റക്ടീവ് ഇൻസ്പെക്ടർമാരായ ജി. ബാലചന്ദ്രൻ, കെ. വി. വേണുഗോപാൽ, എം. കൃഷ്ണൻ, എം. വി. മണികണ്ഠൻ, എം. വി. സുകുമാരൻ, ക്രൈം ബ്രാഞ്ച് ഡി.എസ്.ഐ. പി.കെ. പ്രഭാകരൻ, കോഴിക്കോട് എച്ച്.എച്ച്.ഡബ്ല്യു. III-ലെ ഡി.ഐ. കെ. കെ. പി. ലക്ഷ്മണൻ, വി. ദേവരാജ് എന്നിവരാണ് കേസന്വേഷിച്ചത്.

(സി) ലോക്കൽ പോലീസിൽനിന്നും കേസന്വേഷണം 19-9-2007-ന് ക്രൈം ബ്രാഞ്ച് ഏറ്റെടുത്തിട്ടുള്ളതാണ്. അന്വേഷണോദ്യോഗസ്ഥൻമാർ സ്ഥലം മാറി പോകുന്ന മുറയ്ക്ക് മറ്റ് അന്വേഷണ ഉദ്യോഗസ്ഥൻമാർ കേസന്വേഷണം നടത്തിയിട്ടുള്ളതാണ്. പ്രസ്തുത കേസ് അന്വേഷണാവസ്ഥയിലാണ്.

(ഡി) കേസിന്റെ കുറ്റപത്രം സമർപ്പിക്കുന്നതിന് നിയമോപദേശം ലഭിക്കേണ്ടതുണ്ട്. ആയത് ലഭ്യമാക്കി കുറ്റപത്രം താമസംവിനാ സമർപ്പിക്കുന്നതാണ്.

ചർച്ചയ്ക്ക് വന്ന സംഘടനാപ്രവർത്തകരെ മർദ്ദിച്ച പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി

43(4650) ശ്രീ. ജോർജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശംഖുമുഖം "ദീപുനിവാസിൽ" ബാസ്ക്കറ്റ്ബാൾ താരം ദീപുവിനെ കാണാതായതു സംബന്ധിച്ച് അന്വേഷണം ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത വിഷയത്തിൽ അന്വേഷണം ആവശ്യപ്പെട്ട് "വൈകുണ്ഠ സ്വാമി ധർമ്മ പ്രചാരസഭാ" പ്രവർത്തകർ തിരുവനന്തപുരം തഹസിൽദാരുമായി ചർച്ചയ്ക്ക് വന്നപ്പോൾ ഫോർട്ട് സ്റ്റേഷനിലെ പോലീസ് ഉദ്യോഗസ്ഥർ സംഘടനാ ചെയർമാൻ വിഷ്ണുപുരം ചന്ദ്രശേഖർ ഉൾപ്പെടെയുള്ളവരെ മർദ്ദിച്ചതായി പരാതി ലഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ടി പരാതിയിലെ അന്വേഷണം ഏതു ഘട്ടത്തിലാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സമാധാനപൂർവ്വം ചർച്ചയ്ക്ക് വന്ന സംഘടനാ പ്രവർത്തകരെ അകാരണമായി മർദ്ദിച്ച പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ദീപുവിനെ കാണാതായത് സംബന്ധിച്ച് വലിയതുറ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 383/10 കേസിൽ അന്വേഷണം ഊർജ്ജിതമായി നടത്തിവരുന്നു.

(ബി) പരാതി ലഭിച്ചിട്ടുണ്ട്.

(സി) അന്വേഷണം പൂർത്തിയായിട്ടുണ്ട്.

(ഡി) വൈകുണ്ഠ സ്വാമി ധർമ്മ പ്രചാരസഭാ പ്രവർത്തകരെ പോലീസ് മർദ്ദിച്ചുവെന്ന് ആരോപിച്ച് നൽകിയ പരാതി അന്വേഷിച്ചതിൽ പ്രസ്തുത പരാതി അടിസ്ഥാനരഹിതമാണെന്ന് അന്വേഷണത്തിൽ ബോധ്യപ്പെട്ടതിനാൽ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി എടുക്കേണ്ട സാഹചര്യം ഉണ്ടായിട്ടില്ല.

തീരദേശ സുരക്ഷ ശക്തിപ്പെടുത്തുവാൻ നടപടി

44 (4652) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തീരദേശ സുരക്ഷ ശക്തിപ്പെടുത്തുന്നതിനായി കേരളത്തിലെ കടലിൽ ഏതൊക്കെ പ്രദേശങ്ങളിലാണ് അത്യാധുനിക ഹൈ സ്പീഡ് ബോട്ടുകൾ നിലവിലുള്ളത് ;

(ബി) ഹൈസ്പീഡ് ബോട്ടുകളിൽ എന്തൊക്കെ അത്യാധുനിക സംവിധാനങ്ങളാണുള്ളത് ;

(സി) കരയിൽനിന്നും എത്ര നോട്ടിക്കൽ മൈൽ ദൂരെ വരെയാണ് ഹൈസ്പീഡ് ബോട്ടുകൾ റോന്ത് ചുറ്റുന്നത് ;

(ഡി) അതീവ ജാഗ്രത വേണ്ടതായ കടലോര പ്രദേശങ്ങളിൽ കൂടുതൽ ഹൈസ്പീഡ് ബോട്ട് ലഭ്യമാക്കി റോന്ത് ചുറ്റുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) തീരദേശ സുരക്ഷ ശക്തിപ്പെടുത്തുന്നതിനായി കേരളത്തിലെ കടലിൽ റോന്ത് ചുറ്റുന്നതിന് വിഴിഞ്ഞം (തിരുവനന്തപുരം ജില്ല), നീണ്ടകര (കൊല്ലം ജില്ല), തോട്ടപ്പള്ളി (ആലപ്പുഴ ജില്ല), ഫോർട്ട് കൊച്ചി (എറണാകുളം ജില്ല), അഴീക്കോട് (തൃശ്ശൂർ ജില്ല), ബേപ്പൂർ (കോഴിക്കോട് ജില്ല), അഴീക്കൽ (കണ്ണൂർ ജില്ല) എന്നീ തീരദേശ പോലീസ് സ്റ്റേഷനുകളിലാണ് അത്യാധുനിക ഹൈ സ്പീഡ് ബോട്ടുകൾ നിലവിലുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly